# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2504 — 19/06/2013 - ൽ മറുപടിക്ക്

ഇ.എസ്.ഐ. ഡിസ്പെൻസറികളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ഇ.എസ്.ഐ. ഡിസ്പെൻസറികൾ തുടങ്ങുന്നതിന് ഇ.എസ്.ഐ. കോർപ്പറേഷന്റെ അനുമതി ലഭിച്ച് കഴിഞ്ഞാൽ പ്രസ്തുത ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | എ) ഇ.എസ്.ഐ. ഡിസ്പെൻസറികൾ തുടങ്ങുന്നതിന് ഇ.എസ്.ഐ. കോർപ്പറേഷന്റെ അനുമതി ലഭിച്ച് കഴിഞ്ഞാൽ ഡിസ്പെൻസറിക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിലേക്കുള്ള പ്രൊപ്പോസൽ ഭരണാനുമതിക്കായി സർക്കാരിൽ സമർപ്പിക്കും. അനുമതി ലഭിച്ചുകഴിഞ്ഞാൽ ഇ.എസ്.ഐ. കോർപ്പറേഷനുമായി ബന്ധപ്പെട്ട് ഡിസ്പെൻസറി പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിടം കണ്ടെത്തും. ഡിസ്പെസറികൾ തുടങ്ങുന്നതിനാവശ്യമായ പ്രാരംഭ ചെലവുകൾക്കായി ഇ.എസ്.ഐ. നൽകുന്ന ഫണ്ടുപയോഗിച്ച് അത്യാവശ്യ ഉപകരണങ്ങൾ വാങ്ങുകയും ഡിസ്പെൻസറികളുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്യും |
| (ബി) കൊണ്ടോട്ടിയിൽ രണ്ട് ഡോക്ടർമാരുള്ള ഒരു ഡിസ്പെൻസറി തുടങ്ങുന്നതിന് കോർപ്പറേഷന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ; | ബി) ലഭിച്ചിട്ടുണ്ട്. |
| സി) എങ്കിൽ സംസ്ഥാന ഇ.എസ്.ഐ. ഡയറക്ടറേറ്റ് ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ? | സി) ഇത് സംബന്ധിച്ച് ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ